**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ .11

01.12.2014- ലെ

മറുപടിക്ക്

## സാം പ്രിത്രോഡയുമായി നടത്തിയ ചർച്ചയിന്മേൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ:ടി.എം.തോമസ് ഐസക് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ശ്രീ.സാം പ്രിത്രോഡ 2012 ജനുവരി 25 ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച പത്ത് പദ്ധതികളിൽ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; | സർക്കാർ പ്രഖ്യാപിച്ച പത്തിന പദ്ധതി നിർദ്ദേശങ്ങളിൽ 'ആരോഗ്യ ഇൻഷ്വറൻസ്' ഒഴികെയുള്ള മറ്റു പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണ പുരോഗതിയും ഇതിനകം ചെലവാക്കിയ തുകയും സംബന്ധിച്ചുള്ള വിവരം നൽകാമോ; | 1. 'സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകുംവിധം ഉപയോഗിക്കുക' എന്ന പദ്ധതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും 'കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പർട്ട്സ് ഫോർ ഡവലപ്പ് മെന്റ്' എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഈ പദ്ധതി സംസ്ഥാന സർക്കാർ ഈയിടെ പ്രഖ്യാപിച്ച 'മിഷൻ 676' പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2. ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.<br><br>3. നോളജ് സിറ്റി (knowledge city) പദ്ധതി ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് നിക്ഷേപകരെ തേടി താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.<br><br>4. മറ്റ് പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (സി) | പദ്ധതികൾ തുടർച്ചയായി അവലോകനം ചെയ്യുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്തായിരുന്നു; ഏറ്റവും ഒടുവിൽ അവലോകനം നടന്നത് എപ്പോഴായിരുന്നു എന്ന് വെളിപ്പെടുത്തുമോ; | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മെയ് 9 നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | പദ്ധതികൾ ഓരോന്നും എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ; | വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള കമ്പനി അധികം താമസിയാതെ നിലവിൽ വരുന്നതാണ്. മറ്റുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ഇ) | പദ്ധതികൾക്കു ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിരുന്നുവോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യ പരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, ഇ. ഗവേണൻസ്, നോളജ് സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 1150 ലക്ഷം, 4498 ലക്ഷം, 9235 ലക്ഷം, 5442 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2014-15 വാർഷിക ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.